REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 02-11-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഉപതെരഞ്ഞെടുപ്പിന് പരസ്യപ്രചാരണം അവസാനിക്കാൻ 10 ദിവസം മാത്രം ബാക്കി നിൽക്കെ വയനാട്ടിലും പാലക്കാട്ടും ചേലക്കരയിലും വോട്ടുറപ്പിക്കാൻ ശ്രമം ഉർജ്ജിതമാക്കി സ്ഥാനാർത്ഥികളും രാഷ്ട്രീയ പാർട്ടികളും**
- **കണ്ണൂർ ADM ആയിരുന്ന നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട റവന്യൂവകുപ്പിന്റെ അന്വേഷണ റിപ്പോർട്ട് മുഖ്യമന്ത്രിക്ക് കൈമാറി.**
- **യാക്കോബായ സുറിയാനി സഭ തലവൻ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക ബാവയുടെ കബറടക്കം വൈകീട്ട്.**
- **ശബരിമല മണ്ഡലകാല ഒരുക്കങ്ങളുടെ അന്തിമ അവലോകനം ഇന്ന് മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത്.**
- **പ്രൈമറി വിദ്യാർത്ഥികളുടെ സമഗ്ര ആരോഗ്യ വിദ്യാഭ്യാസ പരിപോഷണ പരിപാടിയായ ഹെൽത്തി കിഡ്സ് കൂടുതൽ സ്കൂളുകളിലേക്ക് വ്യാപിപ്പിക്കുമെന്ന് മന്ത്രി AK ശശീന്ദ്രൻ.**
- **സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ തിരുവനന്തപുരം കൊമ്പൻസ് സെമിയിൽ.**

# വാർത്തകൾ വിശദമായി

ഉപ തെരഞ്ഞെടുപ്പ് നടക്കുന്ന വയനാട് ലോകസഭാ മണ്ഡലത്തിലും പാലക്കാട്, ചേലക്കര നിയമസഭാ മണ്ഡലങ്ങളിലും പരസ്യപ്രചാരണം അവസാനിക്കാൻ പത്ത് ദിവസം ബാക്കി നിൽക്കെ പരമാവധി വോട്ട് ഉറപ്പിക്കാൻ മണ്ഡലങ്ങൾ ഇളക്കിമറിക്കുകയാണ് സ്ഥാനാർത്ഥികളും നേതാക്കളും. ഈ മാസം 11ന് വൈകിട്ടാണ് പരസ്യപ്രചാരണം അവസാനിക്കുന്നത്. 13നാണ് വോട്ടെടുപ്പ്, 23ന് വോട്ടെണ്ണും.

വയനാട്ടിൽ UDF സ്ഥാനാർഥി പ്രിയങ്ക ഗാന്ധി നാളെ മുതൽ വ്യാഴാഴ്ച വരെ തെരഞ്ഞെടുപ്പ് പ്രചരണം നടത്തും. ലോകസഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി മറ്റന്നാൾ പ്രചാരണത്തിനെത്തും. LDF സ്ഥാനാർഥി സത്യൻ മൊകേരി ഇന്ന് ഏറനാട് മണ്ഡലത്തിലാണ് പര്യടനം നടത്തന്നത്. സത്യൻ മൊകേരിയുടെ പ്രചാരണത്തിനായി മുഖ്യമന്ത്രി പിണറായി വിജയൻ ബുധനാഴ്ച കൽപ്പറ്റയിൽ എത്തും.

NDA സ്ഥാനാർത്ഥി നവ്യ ഹരിദാസിന്റെ പര്യടനം ഇന്ന് ബത്തേരി നിയമസഭ മണ്ഡലത്തിലാണ്. നവ്യ ഹരിദാസിന്റെപ്രചാരണത്തിനായി BJP സംസ്ഥാന അധ്യക്ഷൻ K സുരേന്ദ്രൻ ഇന്ന് ജില്ലയിലെത്തും.

✪✪✪

വയനാട് ലോക്സഭാ ഉപതിരഞ്ഞെടുപ്പിനു ഒരുക്കങ്ങളെല്ലാം പൂർത്തീകരിച്ചു വരുന്നതായി വരണാധികാരി കൂടിയായ വയനാട് ജില്ലാ കലക്ടർ DR മേഘശ്രീ വാർത്താ സമ്മേളനത്തിൽ അറിയിച്ചു ഉരുൾപൊട്ടലുണ്ടായ ചൂരൽമല മുണ്ടക്കയം പ്രദേശത്ത് രണ്ട് പോളിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുമെന്നും ഒരു പോളിംഗ് സെന്റർ മേപ്പാടി ഹയർ സെക്കൻഡറി സ്കൂളിലേക്ക് മാറ്റുമെന്നും കലക്ടർ പറഞ്ഞു. ദുരന്ത മേഖലയിലെ ആളുകൾക്ക് മുന്തിയ പരിഗണന തിരഞ്ഞെടുപ്പിൽ നൽകുമെന്നും കലക്ടർ അറിയിച്ചു. 16 പേരാണ് മത്സര രംഗത്ത്. 14 ലക്ഷത്തി 71,742 വോട്ടർമാരാണ് മണ്ഡലത്തിൽ. 2004 സർവിസ് വോട്ടർമാരുണ്ടെന്നും കലക്ടർ അറിയിച്ചു.

✪✪✪

പാലക്കാട് നിയസഭാ ഉപതെരഞ്ഞെടുപ്പ് പ്രചാരണം സ്ഥാനാർഥികളുടെ ഗൃഹസന്ദർശനവും ബൂത്ത് സമ്പർക്കങ്ങളുമായി പുരോഗമിക്കുകയാണ്. മണ്ഡലത്തിൽ തെരഞ്ഞെടുപ്പ് വിഭാഗത്തിന്റെ പ്രവർത്തനവും ഊർജ്ജിതമായി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.

----------VOICE-----------

യുഡിഎഫ് സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിൽ ഇന്ന് നഗരസഭ സൗത്ത് മണ്ഡലം ഗൃഹ സന്ദർശനങ്ങളോടെ പ്രചരണം ആരംഭിക്കും.

വാഹന പര്യടനത്തോടെയായിരിക്കും സമാപനം.എൽ.ഡി.എഫ് സ്ഥാനാർഥി

ഡോ പി.സരിൻ രാവിലെ  വടപ്പറമ്പ് പ്രദേശത്ത് നിന്ന് വോട്ടഭ്യർത്ഥനയ്ക്ക് തുടക്കം കുറിക്കും. വൈകീട്ട് ചാത്തൻ കുളങ്ങരപറമ്പിൽ പ്രചരണം അവസാനിപ്പിക്കും.

എൻഡിഎ സ്ഥാനാർഥി സി. കൃഷ്ണകുമാർ ഇന്ന് പാലക്കാട് ഈസ്റ്റ് പ്രദേശത്ത് ബൂത്ത് സമ്പർക്ക യോഗങ്ങളിൽ പങ്കെടുത്ത് വോട്ടഭ്യർത്ഥന നാടത്തും. പിരായിരി വെസ്റ്റ് ഏരിയയിലും വോട്ടഭ്യർത്ഥന നാടത്തും.

നിയമസഭാ ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ജില്ല കളക്ടറുടെ നേതൃത്വത്തിൽ നിരീക്ഷകരുടെ സാന്നിധ്യത്തിൽ ഇന്നലെ സ്ഥാനാർത്ഥികളേയും ഏജന്റുമാരേയും യോഗം നടന്നു.

✪✪✪

ഇന്ത്യ ബ്ലോക്ക്  അംഗമായതിനാൽ വയനാട്ടിലെ മത്സരത്തിൽ നിന്ന് LDF പിന്മാറണമായിരുന്നുവെന്ന്  കോൺഗ്രസ് നേതാവ് കെ. മുരളീധരൻ മുക്കത്ത് പറഞ്ഞു.  രാഷ്ട്രീയപരമായാണ് UDF തെരഞ്ഞെടുപ്പിനെ നേരിടുന്നതെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

കണ്ണൂർ ADM. ആയിരുന്ന നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട റവന്യൂവകുപ്പിന്റെ അന്വേഷണ റിപ്പോർട്ട് മുഖ്യമന്ത്രിക്ക് കൈമാറി. ലാന്റ് റവന്യൂ ജോയിന്റ് കമ്മിഷണർ എ. ഗീത തയാറാക്കിയ  റിപ്പോർട്ടാണ് മന്ത്രി K രാജൻ മുഖ്യമന്ത്രിക്ക് കൈമാറിയത്. റിപ്പോർട്ട് നേരത്തെ ചീഫ് സെക്രട്ടറി പരിശോധിച്ചിരുന്നു.

✪✪✪

കണ്ണൂർ മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് PP ദിവ്യക്കെതിരായ കേസിൽ ഗവൺമെന്റ് പൂർണ്ണമായും അവർക്കൊപ്പമാണെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ ആരോപിച്ചു. ഇത് വളരെ ഗൗരവപൂർവ്വം കേരളത്തിലെ ജനങ്ങൾ വീക്ഷിച്ചുകൊണ്ടിരിക്കുകയാണെന്നും ഗവൺമെന്റ് പരിഹാസ്യരായി നിൽക്കുകയാണെന്നും അദ്ദേഹം കോഴിക്കോട് പറഞ്ഞു.

✪✪✪

യാക്കോബായ സുറിയാനി സഭ തലവൻ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക ബാവയുടെ കബറടക്കം ഇന്ന്.

വൈകിട്ട് നാലുമണിയോടെ പുത്തൻകുരിശ് പാത്രിയാർക്ക സെൻററിലെ സെൻറ് അത്തനേഷ്യസ് കത്തീഡ്രലിലാണ് കബറടക്കം. സഭയുടെ മെത്രാപ്പൊലീത്തൻ ട്രസ്റ്റി ജോസഫ് മാർ ഗ്രിഗോറിയോസ്, പാത്രിയാർക്കീസ് ബാവയുടെ പ്രതിനിധികൾ തുടങ്ങിയവർ കബറടക്ക ശുശ്രൂഷകൾക്ക് കാർമികത്വം വഹിക്കും. കബറടക്ക ശുശ്രൂഷകൾ നടക്കുന്നതിനാൽ പുത്തൻ കുരിശിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി .

ഇന്നലെ രാത്രി സെൻറ് അത്തനേഷ്യസ് കത്തീഡ്രലിൽ എത്തിച്ച കാതോലിക്ക ബാവയുടെ ഭൗതികശരീരം ദർശിക്കാൻ നൂറുകണക്കിന് വിശ്വാസികളാണ് എത്തിയത്. കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ, മന്ത്രി പി രാജീവ് തുടങ്ങിയവരും പാത്രിയാർക്ക സെൻററിൽ എത്തിയിരുന്നു.

✪✪✪

ചെറായി മുനമ്പം ഭൂമി പ്രശ്നം ഗവൺമെന്റ് ഇടപെട്ട് ഉടൻ പരിഹരിക്കണമെന്ന് മുസ്ലിംലീഗ് അധ്യക്ഷൻ പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ കോഴിക്കോട്ട് വിളിച്ചു ചേർത്ത വിവിധ സംഘടനാ പ്രതിനിധികളുടെ യോഗം ആവശ്യപ്പെട്ടു. നിയമപരമായും വസ്തുതാപരമായും ഗവൺമെന്റ് വിഷയം പരിഹരിക്കാൻ മുൻകൈയെടുക്കണം. വർഷങ്ങളായി അവിടെ താമസിക്കുന്ന ആളുകൾക്ക് അവർ താമസിക്കുന്ന ഭൂമി സംബന്ധമായ പ്രശ്നത്തിന് രമ്യമായ പരിഹാരം കാണണമെന്നും യോഗം ആവശ്യപ്പെട്ടു. നീണ്ടുപോകുന്ന കോടതി നടപടികൾ ഒഴിവാക്കി കോടതിക്ക് പുറത്ത് ഒത്തുതീർപ്പിലെത്താൻ ഗവൺമെന്റ് നടപടികൾ തുടങ്ങണമെന്നും അതിനായി ഗവൺമെന്റ് നേരിട്ടോ ഒരു കമ്മിഷൻ മുഖേനയോ ബന്ധപ്പെട്ട് സത്വര നടപടികൾ സ്വീകരിച്ച് പ്രശ്നങ്ങൾ പരിഹരിക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

✪✪✪

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് മേഖലയിൽ നിലവിൽ 340 പേർക്ക് മഞ്ഞപ്പിത്തം സ്ഥിരീകരിച്ചു. മഞ്ഞപ്പിത്ത വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ശുചിത്വ മാനദണ്ഡം പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കാൻ ജില്ലാമെഡിക്കൽ ഓഫീസർ നിർദേശം നൽകി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി KO.ശശിധരൻ

---------VOICE----------

ഭക്ഷ്യ സുരക്ഷാ വകുപ്പുമായി ചേർന്ന് പരിശോധന നടത്താനും നടപടി സ്വീകരിക്കാനുമാണ് ഡി.എം.ഒ. ഡോ.പിയൂഷ് നമ്പുതിരിപ്പാട് നിർദ്ദേശം

നൽകിയിരിക്കുന്നത്. മഞ്ഞപിത്ത വ്യാപനത്തെ കുറിച്ച് ജാഗ്രത വേണമെന്നും ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും ഡി എം ഒ അറിയിച്ചു.

തളിപ്പറമ്പിൽ മഞ്ഞപിത്തത്തെ തുടർന്ന് രണ്ട് മരണമാണ് റിപ്പോർട്ട് ചെയ്തത്. ഇന്ന് മുതൽ ഈ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വീടുകൾ, കടകൾ എന്നിവ കേന്ദീകരിച്ച് ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കും . കൈ കഴുകുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും സാമൂഹ്യ കൂട്ടായ്മകളിൽ വ്യക്തി ശുചിത്വം പാലിക്കേണ്ടതിനെക്കുറിച്ചും തിളപ്പിച്ചാറ്റിയ വെള്ളം മാത്രം കുടിക്കുന്നതിനെക്കുറിച്ചും ജനങ്ങൾ ബോധവാൻമാരായിരിക്കണമെന്നും . രോഗലക്ഷണമുള്ളവർ ഉടൻ വൈദ്യ സഹായം തേടണമെന്നും മറ്റുള്ളവർക്ക് പകരാതിരിക്കാനുള്ള മാർഗങ്ങൾ സ്വീകരിക്കണമെന്നും ഡി.എം.ഓ. ആഭ്യർത്ഥിച്ചു.

✪✪✪

ശബരിമല മണ്ഡലകാല ഒരുക്കങ്ങളുടെ അന്തിമ അവലോകനം ഇന്ന് മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് നടക്കും.

ഈ മാസം 15 ന് മണ്ഡല മകരവിളക്ക് തീർഥാടനത്തിനായി നടതുറക്കുന്നതിനു മുന്നോടിയായി വിവിധ വകുപ്പുകൾ മുന്നൊരുക്ക പ്രവർത്തനങ്ങൾ വേഗത്തിലാക്കി.

ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ തയ്യാറാക്കിയ റിപ്പോർട്ട്.

(വോയ്സ്)

സുരക്ഷ ഒരുക്കുന്നതിന് 13000 ത്തിലധികം പൊലിസുകാരെ സന്നിധാനത്തും പരിസര പ്രദേശങ്ങളിലുമായി വിന്യസിക്കും. പമ്പയുൾപ്പെടെ കുളിക്കടവുകളിൽ ആറുഭാഷകളിലായി സുരക്ഷാബോർഡുകൾ സ്ഥാപിക്കുന്ന ജോലിയും പുരോഗമിക്കുകയാണ്. പമ്പയിലും സന്നിധാനത്തും ഓരോ മണിക്കൂർ ഇടവിട്ട് കുടിവെള്ള പരിശോധനയും വിവിധ വകുപ്പുകളുടെ സ്ക്വാഡ് പ്രവർത്തനവും ഉണ്ടാകും. 24 മണിക്കൂറും പ്രവർത്തിക്കുന്ന ആരോഗ്യവകുപ്പിന്റെ സേവനം സന്നിധാനം,നിലയ്ക്കൽ, പമ്പ എന്നിവിടങ്ങളിൽ ഉണ്ടാകും. 450 ഓളം ബസുകൾ KSRTC നിരത്തിലിറക്കും. 241 ബസുകൾ നിലയ്ക്കൽ- പമ്പ സർവീസ് നടത്തും.

✪✪✪

അസോസിയേഷനുകളിൽ പല പ്രശ്നങ്ങളും ഉണ്ടാകുമെങ്കിലും താരങ്ങൾ സ്പോർട്സിൽ ശ്രദ്ധ കേന്ദ്രീകരിച്ച് പരിശ്രമം തുടരണമെന്ന് ഇന്ത്യൻ ഒളിംപിക്സ് അസോസിയേഷൻ അധ്യക്ഷ PT ഉഷ MP പറഞ്ഞു. കോഴിക്കോട്

ബീച്ചിൽ നടക്കുന്ന ഹോർത്തൂസിൽ സംസാരിക്കുകയായിരുന്നു അവർ. താരങ്ങൾക്ക് പരിശീലനങ്ങൾക്കും മത്സരങ്ങൾക്കും മെച്ചപ്പെട്ടസൗകര്യം ഒരുക്കുമെന്നും PT ഉഷ പറഞ്ഞു

2036 ലെ ഒളിംപിക്സിന് ആതിഥ്യം വഹിക്കാൻ ഇന്ത്യ ശ്രമം തുടങ്ങിയതായി അഞ്ജു ബോബി ജോർജ് അറിയിച്ചു. അത് ലഭിക്കുകയാണെങ്കിൽ കൂടുതൽ മെഡലുകൾ നേടാൻ സാധിക്കുമെന്നും അവർ പറഞ്ഞു.

✪✪✪

എറണാകുളത്ത് മറ്റന്നാൾ ആരംഭിക്കുന്ന ആദ്യമായി ഒളിമ്പിക്സ് മാതൃകയിൽ സംഘടിപ്പിക്കുന്ന സംസ്ഥാന സ്കൂൾ കായിക മേളയ്ക്ക് മുന്നോടിയായി എവർ റോളിംഗ് ട്രോഫി വഹിച്ചു ഘോഷയാത്ര തിരുവനന്തപുരത്ത് നിന്നും ദീപശിഖ ഘോഷയാത്ര കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗിൽ നിന്നും പ്രയാണം ആരംഭിച്ചു.

ന്യൂസ് ഡെസ്ക് തയാറാക്കിയ റിപ്പോർട്ട്

.......വോയ്സ്.......

ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ജില്ലയ്ക്ക് നൽകുന്ന മുഖ്യമന്ത്രിയുടെ എവർ റോളിംഗ് ട്രോഫി വഹിച്ചു ഘോഷയാത്ര തൈയ്ക്കാട് ഗവൺമെന്റ് മോഡൽ ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ നിന്നാണ് ഇന്നലെ രാവിലെ പുറപ്പെട്ടത്. വിവിധ ജില്ലകളിലെ നിരവധി കേന്ദ്രങ്ങളിൽ സ്വീകരണം ഏറ്റു വാങ്ങി ഘോഷയാത്ര മറ്റന്നാൾ രാവിലെ എറണാകുളം മറൈൻ ഡ്രൈവിൽ എത്തും.

ദീപശിഖ ഘോഷയാത്ര കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ നിന്നാണ് പ്രയാണം ആരംഭിച്ചത്. കണ്ണൂർ, മാനന്തവാടി, കൽപ്പറ്റ, താമരശ്ശേരി, നിലമ്പൂർ, പെരിന്തൽമണ്ണ, പട്ടാമ്പി, തൃശ്ശൂർ, എന്നീ കേന്ദ്രങ്ങളിൽ സ്വീകരണം ഏറ്റുവാങ്ങി തൃപ്പൂണിത്തുറയിൽ മുഖ്യമന്ത്രിയുടെ ട്രോഫിയുമായെത്തുന്ന തെക്കൻമേഖല ഘോഷയാത്രയോട് ചേരും.

ദീപശിഖാ ഘോഷയാത്ര ഇന്ന് കോഴിക്കോട് ജില്ലയിൽ പ്രവേശിക്കും. താമരശ്ശേരിയിലാണ് ആദ്യ സ്വീകരണം. പൊതുവിദ്യാഭ്യാസ വകുപ്പ് ജോയിന്റ് ഡയറക്ടർ അബൂബക്കർ നയിക്കുന്ന ദീപശിഖ പ്രയാണം പ്രമുഖ കായിക താരങ്ങളുടെയും നാട്ടുകാരുടെയും സാന്നിധ്യത്തിൽ വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരും വിദ്യാർഥികളും ചേർന്ന് രാവിലെ ഏറ്റുവാങ്ങും. ഔദ്യോഗിക സ്വീകരണത്തിന് ശേഷം ദീപശിഖാപ്രയാണം ജില്ലയിലെ മറ്റു സ്വീകരണകേന്ദ്രങ്ങളിലേക്ക് നിങ്ങും.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ തിരുവനന്തപുരം കൊമ്പൻസ് സെമിയിൽ പ്രവേശിച്ചു. മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിൽ നടന്ന അവസാന ലീഗ് പോരാട്ടത്തിൽ മലപ്പുറം FCയെ സമനിലയിൽ തളച്ചാണ് തിരുവനന്തപുരം സെമിയിലെത്തിയത്. ഇരുടീമുകൾ രണ്ട് ഗോൾ വീതം നേടി.

ചൊവ്വാഴ്ച നടക്കുന്ന ആദ്യ സെമിയിൽ കാലിക്കറ്റ് എഫ്സി തിരുവനന്തപുരത്തെ നേരിടും. ബുധനാഴ്ച രണ്ടാം സെമിയിൽ കൊച്ചിയും കണ്ണൂരും ഏറ്റുമുട്ടും.

✪✪✪

മുംബൈ ക്രിക്കറ്റ് ടെസ്റ്റിൽ ആദ്യ ദിനത്തിൽ ന്യൂസിലൻഡിനെതിരെ ഇന്ത്യ ഒന്നാം ഇന്നിംഗ്സിൽ 149 റൺസിന് പിന്നിൽ. മൂന്നാമത്തെയും അവസാനത്തെയും ടെസ്റ്റിൽ ആദ്യദിവസമായ ഇന്നലെ കളി അവസാനിക്കുമ്പോൾ ഇന്ത്യ നാല് വിക്കറ്റ് നഷ്ടത്തിൽ 86 റൺസെന്ന നിലയിലാണ്.

ടോസ് നേടി ആദ്യം ബാറ്റ് ചെയ്ത ന്യൂസിലൻഡ് 235 റൺസിന് പുറത്തായി.

✪✪✪

കാഞ്ഞങ്ങാട്ട് റെയിൽ പാളം മുറിച്ചു കടക്കവേ ട്രെയിൻ തട്ടി മദ്ധ്യവയസ്ക്കൻ മരിച്ചു.

ആറങ്ങാടിയിലെ അബ്ദുൾ സത്താറാണ് മരിച്ചത്.

✪✪✪

ദേശീയ പാത 66 ൽ തലശ്ശേരി-മാഹി ബൈപ്പാസിൽ സ്കൂട്ടർ ഡിവൈഡറിലിടിച്ച് യാത്രക്കാരി മരിച്ചു. ധർമടം മീത്തലെ പീടികയിലെ റുഖിയയാണ് മരിച്ചത് .

✪✪✪

വയനാട് ചുണ്ടേൽ ആനപ്പാറയിൽ ഇറങ്ങിയ കടുവകളെ പിടികൂടുന്നതിന്റെ ഭാഗമായി എ ഐ ക്യാമറകളും സ്ഥാപിച്ചു. രണ്ട് കിലോമീറ്റർ ചുറ്റളവിൽ 23 ക്യാമറകളും മൂന്ന് എഐ ക്യാമറകളുമാണ് സ്ഥാപിച്ചത്. മുതിർന്ന വനംവകുപ്പ് ഉദ്യോഗസ്ഥർ സ്ഥലത്ത് ക്യാമ്പ് ചെയ്യുന്നുണ്ട് .